**കേരള സർക്കാർ**

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 - പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് കണ്ണട അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

സ.ഉ(കൈ) നം.54/2018/(94)/ധന　　　　തീയതി, തിരുവനന്തപുരം,15/02/2018.

---

പരാമർശം :1. 10/09/2015 ലെ സ.ഉ(അച്ചടി) നം.197/2015/ആ.കു.വ
2. 20.01.2016 ലെ സ.ഉ(അച്ചടി) നം.7/2016/ധന.

**<u>ഉത്തരവ്</u>**

പരാമർശം 2 ലെ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടേയും ശമ്പള സ്കെയിലുകളും അലവൻസുകളും 01.07.2014 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കണ്ണട വാങ്ങുന്നതിന് ചെലവാകുന്ന തുക പരമാവധി 1200/- രൂപ റീ ഇംപേഴ്സ് ചെയ്ത് നൽകുമെന്നും ടി ആനുകൂല്യം അഞ്ചു വർഷത്തിൽ ഒരിക്കൽ മാത്രമേ അനുവദിക്കുകയുള്ളൂവെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഈ ആനുകൂല്യം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ബാധകമാക്കിയിരുന്നില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന നടപടിക്രമം പാലിച്ചുകൊണ്ട് പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ സ്വന്തം ഉപയോഗത്തിന് വാങ്ങുന്ന കണ്ണടയുടെ വില പരമാവധി 1200/- രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി റീഇംപേഴ്സ് ചെയ്യുന്നതിന് അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത ആനുകൂല്യം സേവന കാലയളവിൽ അഞ്ചു വർഷത്തിൽ ഒരിക്കൽ മാത്രം അനുവദനീയമാണെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി&എസ്സ്.എസ്സ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്സ്.എ) കേരള, തിരുവനന്തപുരം
ഗവർണ്ണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-467973)

ഉത്തരവിൻ പ്രകാരം

Nirmalan

സെക്ഷൻ ഓഫീസർ